LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് ആശുപത്രികളിലെ ജനറേറ്റർ സംവിധാനം

27 (*177) ശ്രീ. എം. മുരളി :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. സുജനപാൽ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശസ്ത്രക്രിയകൾ നടത്തുന്നതും ഇന്റൻസീവ് കെയർ യൂണിറ്റ് പ്രവർത്തിക്കുന്നതുമായ ഗവൺമെന്റ് ആശുപത്രികളിൽ ജനറേറ്ററുകൾ നൽകിയിട്ടുണ്ടോ ;

(ബി) ജനറേറ്ററുകൾ ഇല്ലാത്ത ഗവൺമെന്റ് ആശുപത്രികളിൽ ഈ സൗകര്യങ്ങൾ വൈദ്യുതി കട്ട് ഉള്ള സമയങ്ങളിൽ ഫലപ്രദമായി വിനിയോഗിക്കുന്നത് എപ്രകാരമെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം ഗവൺമെന്റ് ആശുപത്രികളിൽ ജനറേറ്ററുകൾ നൽകുവാൻ അടിയന്തര നടപടിയെടുക്കുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ഉണ്ട്.

(ബി) വൈദ്യുതി കട്ട് ഉള്ള സമയങ്ങളിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.

(സി) ആവശ്യകതയുടെ അടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ചു നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി

28 (*178) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതുവരെയായി സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ;

(ബി) സംവരണകാറ്റഗറിയിൽ അർഹമായ പ്രാധിനിധ്യം ലഭിച്ചിട്ടില്ലാത്ത പിന്നോക്ക വിഭാഗങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത പിന്നോക്ക വിഭാഗങ്ങൾക്ക് പ്രാതിനിധ്യം ഉറപ്പുവരുത്താൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) എങ്കിൽ എപ്പോൾ നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?